**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

2024-ലെ വഖഫ് (ഭേദഗതി) ബിൽ പിൻവലിക്കണമെന്നത് സംബന്ധിച്ച്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): " 1995-ലെ വഖഫ് ആക്ട് (1995-ലെ 43-ാം നമ്പർ കേന്ദ്ര ആക്ട്) ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയും ആയത് ജോയിന്റ് പാർലമെന്ററി കമ്മിറ്റിക്ക് (ജെ.പി.സി) സമർപ്പിച്ചിട്ടുള്ളതായും, പ്രസ്തുത ബിൽ സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി, വിവിധ സ്റ്റേക് ഹോൾഡർമാർ, സംസ്ഥാന വഖഫ് ബോർഡുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതിനാലും;

1995-ലെ മേൽ പരാമർശ ആക്ടിന്റെയും പ്രസ്തുത ആക്ടിന് നാളിതുവരെ വന്നിട്ടുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിൽ വഖഫ് വസ്തുക്കളുടെ കാവലാൾ എന്ന നിലയിലാണ് സംസ്ഥാന വഖഫ് ബോർഡും സംസ്ഥാന വഖഫ് വകുപ്പും പ്രവർത്തിച്ചുവരുന്നത് എന്നതിനാലും; ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് III സമവർത്തി ലിസ്റ്റിൽ ഉൾപ്പെട്ട

എൻട്രി 28-ലെ ധർമ്മവും ധർമ്മ സ്ഥാപനങ്ങളും, ധർമ്മപരവും മതപരവുമായ ധനനിക്ഷേപങ്ങളും മത സ്ഥാപനങ്ങളും (Charities and Charitable Institutions, Charitable and Religious Endowments and Religious Institutions) എന്ന ഉൾക്കുറിപ്പിലെ നിയമനിർമ്മാണ അധികാരം ഉപയോഗിച്ചുകൊണ്ടാണ് ഈ നിയമം പാസ്സാക്കിയിട്ടുള്ളത് എന്നതിനാലും;

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ നിയമ നിർമ്മാണാധികാരമുള്ള ഒരു വിഷയമാണ് വഖഫ് എന്നതിനാലും;

ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ-26 മൗലികാവകാശം: ഭരണഘടനയുടെ അടിസ്ഥാനതത്വമായതിനാൽ അത് പ്രകാരമുള്ള അവകാശങ്ങളിൽപ്പെടുന്ന വഖഫ് എന്റോവ്മെന്റുകളെയും വഖഫ് സ്ഥാപനങ്ങളെയും സംരക്ഷിക്കുന്ന രൂപത്തിൽ അതിന്റെ സ്വാതന്ത്ര്യം അതത് മതവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് വഖഫ് നിയമം നിലനിൽക്കുന്നത് എന്നതിനാലും;

നിലവിൽ ബില്ലിൽ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ വഖഫുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുകൾക്കുള്ള നിരവധി

അധികാരങ്ങൾ കവർന്നെടുക്കുന്ന തരത്തിലുള്ളതും ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾക്ക് എതിരായതും വഖഫിന്റെ മേൽനോട്ടത്തിന് ചുമതലയുള്ള ബോർഡുകളുടെയും വഖഫ് ട്രൈബ്യൂണലിന്റെയും പ്രവർത്തനം, അധികാരം എന്നിവ ദുർബലപ്പെടുത്തുന്നതും ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതേതര കാഴ്ചപ്പാടുകൾ ലംഘിക്കുന്ന തരത്തിലുള്ളതും ആകയാലും;

ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി നോമിനേറ്റഡ് അംഗങ്ങളും നോമിനേറ്റ് ചെയ്യുന്ന ചെയർമാനും മാത്രമുള്ള ബോർഡ് ജനാധിപത്യ വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരാവും എന്നതിനാലും;

സമാനമായ നിലയിൽ ഭേദഗതി നിയമത്തിലെ മറ്റ് വ്യവസ്ഥകൾ പലതും അസ്വീകാര്യമായതിനാലും;

ഭരണഘടന അനുവദിക്കുന്ന മൗലികാവകാശങ്ങൾ, വിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, ഫെഡറലിസം, മതനിരപേക്ഷത, ജനാധിപത്യം, പൗരാവകാശം എന്നിവയിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും സാധ്യമല്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥകളോടെയുള്ള 2024-ലെ വഖഫ് (ഭേദഗതി) ബിൽ

പിൻവലിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. ചുരുക്കി അവതരിപ്പിക്കണം. നാല് ബില്ലുകൾ ഇനിയുമുണ്ട്. അതുകൊണ്ട് പോയിന്റുകൾ അവതരിപ്പിച്ചാൽ മതി. ഭേദഗതികൾ സർക്കുലേറ്റ് ചെയ്യുതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തോട് യോജിപ്പ് രേഖപ്പെടുത്തികൊണ്ട് എന്റെ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുകയാണ്.

1995-ലെ വഖഫ് ആക്ട് (1995-ലെ 43-ാം നമ്പർ കേന്ദ്ര ആക്ട്) ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെടുകയും ആയത് ജോയിന്റ് പാർലമെന്ററി കമ്മിറ്റിക്ക് (ജെ.പി.സി) സമർപ്പിച്ചിട്ടുള്ളതായും, പ്രസ്തുത ബിൽ സംബന്ധിച്ച് ജോയിന്റ് പാർലമെന്ററി കമ്മിറ്റി, വിവിധ സ്റ്റേക് ഹോൾഡർമാർ, സംസ്ഥാന വഖഫ്

ബോർഡുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും അഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുള്ളതിനാലും; എന്നതിനുശേഷം

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ രണ്ടാം വരിയിലെ "വഖഫ് വസ്തുക്കളുടെ കാവലാൾ" എന്നതിനുപകരം "മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "ദുർബലപ്പെടുത്തുന്നതും" എന്നതിനുശേഷം "ഇല്ലാതാക്കുന്നതും" എന്ന വാക്ക് കൂട്ടിചേർക്കുക.

3. പ്രമേയത്തിലെ എട്ടാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡികകൾ കൂട്ടിചേർക്കുക.

"വഖഫ് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഏത് മതവിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥനെയും സംസ്ഥാന സർക്കാരുകൾക്ക്

നിയമിക്കാൻ പാർലമെന്റിൽ അവതരിപ്പിക്കുന്ന വഖഫ് നിയമ ഭേദഗതിയിലൂടെ അധികാരം ലഭിക്കും എന്നതിനാലും;

പതിറ്റാണ്ടുകളായി വഖഫ് സ്വത്തായി കണക്കാക്കപ്പെടുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഭൂമിയും സ്വത്തുവകകളുമായ കൽപ്പിത വഖഫ് സ്വത്തുക്കളുടെ ഉടമസ്ഥാവകാശം വഖഫ് സ്വത്തായി മേലിൽ പരിഗണിക്കാത്തതുമൂലം ആത്യന്തികമായി വഖഫ് സ്വത്തുക്കളിൽ ഭീമമായ കുറച്ചിൽ വരുമെന്നതിനാലും" എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നിലവിൽ ദേവസ്വം ബോർഡിലെ അംഗങ്ങൾ, ഹൈന്ദവ വിശ്വാസികളാണ്. ദേവസ്വം വകുപ്പിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുതലുള്ള ഉദ്യോഗസ്ഥർ ഹൈന്ദവമത വിശ്വാസികളാണ്. അതുപോലെതന്നെ നിലവിലെ വഖഫ് ബോർഡിലെ അംഗങ്ങളെല്ലാം ഇസ്ലാംമത വിശ്വാസികളാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാർ ഇസ്ലാംമത വിശ്വാസികളാണ്. ഇപ്പോൾ നിലവിലുള്ള തത്വങ്ങൾക്ക് എതിരായിട്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. അതുപോലെതന്നെ ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണസംവിധാനത്തിനുപകരം

പൂർണ്ണമായി ജനാധിപത്യം ഒഴിവാക്കുകയാണ്. നിയമസഭയിൽ രണ്ട് പ്രതിനിധികളുണ്ട്. അത് ഇനി ഒരാൾ ആകാൻ പോകുകയാണ്. അതുപോലെ മുത്തവല്ലി പ്രതിനിധികളെന്ന് പറയുന്ന വഖഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നവരിൽനിന്ന് രണ്ട് പേർ നിലവിൽ തെരഞ്ഞെടുക്കപ്പെടുകയാണ്. ഇനി തെരഞ്ഞെടുപ്പില്ല, പകരം അതത് കാലത്തെ സർക്കാരുകൾക്ക് നോമിനേറ്റ് ചെയ്യാമെന്നാണ് ഇതിലെ വ്യവസ്ഥ. ഇത് തികച്ചും ജനാധിപത്യ വ്യവസ്ഥയ്ക്ക് എതിരാണ്. അതുകൊണ്ട് ഈ ബിൽ പരിപൂർണ്ണമായി പിൻവലിക്കണമെന്ന ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെ പ്രമേയത്തോട് പൂർണ്ണമായി യോജിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ അന്ത:സത്തയോട് പൂർണ്ണമായി യോജിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെതന്നെ നമ്മുടെ രാജ്യത്തെ വഖഫ് സ്വത്തുക്കളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 1954-ൽ ഉണ്ടാക്കിയ വഖഫ് ആക്റ്റ്, അത് പിന്നീട് 1995-ൽ വളരെ സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഇപ്പോൾ

ശക്തമായൊരു നിയമമാണ് നിലവിലുള്ളത്. കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതിയിലൂടെ വഖഫ് രംഗത്ത് വലിയ അരാജകത്വമാണ് ഇവർ സൃഷ്ടിക്കാൻവേണ്ടി ശ്രമിക്കുന്നത്. വഖഫ് നിയമം വഴി വെറുതെ ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും വഖഫ് സ്വത്തുക്കളെ അന്യാധീനപ്പെടുത്താനുമൊക്കെയാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ പ്രമേയത്തെ ശാക്തീകരിക്കുന്ന ചില നിർദേശങ്ങൾ മാത്രമാണ് ഭേദഗതികളായി മുന്നോട്ടുവയ്ക്കുന്നത്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "വേണ്ടിയാണ്" എന്നതിനുശേഷം "1954-ൽ ഇന്ത്യൻ പാർലമെന്റ് വഖഫ് നിയമം പാസ്സാക്കുകയും പിന്നീട് 1995-ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള" എന്നത് കൂട്ടി ചേർക്കുക.

ഇത് 1995-ൽ മാത്രം നിലവിൽ വന്നതല്ലെന്നും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തോടൊപ്പംതന്നെ ഈ നിയമത്തിന് ചരിത്രമുണ്ടെന്നും ആ

പ്രയോഗത്തിലൂടെ ഈ പ്രമേയത്തിന് ബോധ്യപ്പെടുത്താൻ സാധിക്കുമെന്നാണ് എനിക്ക് നിർദേശിക്കാനുള്ളത്.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒന്നാമത്തെ വരിയിലെ "നിലവിൽ" എന്നതിനുശേഷം "ഭേദഗതി" എന്ന വാക്ക് കൂട്ടിചേർക്കുക.

കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന നിലവിൽ ഭേദഗതി ബില്ലിൽ മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്നാക്കി മാറ്റേണ്ടതുണ്ട്.

3. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "വഖഫുമായി ബന്ധപ്പെട്ട വിഷയത്തിൽ" എന്നതിനുപകരം "വഖഫ് എന്ന പവിത്രമായ ആശയത്തിനും അതിന്റെ മൗലികമായ തത്വങ്ങൾക്കും എതിരായിട്ടുള്ളതും" എന്നത് ചേർക്കുക.

ഈ ഭേദഗതി വന്നാൽ വഖഫ് എന്ന ആശയം തന്നെയില്ലാതെയാകും. അതായത് പിതാവോ പിതാമഹന്മാരോ വഖഫ് ചെയ്ത സ്വത്തുകൾ അവരുടെ അനന്തരാവകാശികൾക്ക് ഭാവിയിൽ വഖഫ് ചെയ്യേണ്ടതില്ലെന്ന് തോന്നിയാൽ അതിനെ വഖഫിന്റെ ഗണത്തിൽനിന്നുവരെ മാറ്റാമെന്നുള്ള വഖഫിനെ

ദുർബലപ്പെടുത്തുന്ന പുതിയ ഭേദഗതിയാണ് കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്.

4. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ജനാധിപത്യ" എന്നതിനുമുൻപ് "നിയമഭേദഗതി മൂലം" എന്നത് ചേർക്കുക.

ഇവിടെ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഒഴിവാക്കി. നിയമഭേദഗതിമൂലം നോമിനേറ്റഡ് അംഗങ്ങളും നോമിനേറ്റ് ചെയ്യുന്ന ചെയർമാനും മാത്രമുള്ള ബോർഡ് വരുമെന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് പൂർണ്ണമായും എതിരാണ്. അതിനാൽ ഇത്തരം രീതിയിലുള്ളൊരു ഭേദഗതിയുണ്ടാകേണ്ടതാണ്.

5. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ജനാധിപത്യ വ്യവസ്ഥയ്ക്ക്" എന്നതിനുമുൻപ് "വരുമെന്നത്" എന്നത് ചേർക്കുക.

6. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "അസ്വീകാര്യമായതിനാലും" എന്നതിനുപകരം "വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും" എന്നത് ചേർക്കുക.

7. പ്രമേയത്തിലെ ഒൻപതാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇപ്പോൾ അതിനാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

വൺ നേഷൻ വൺ ഇലക്ഷൻ ബില്ലിലും ചൂണ്ടിക്കാണിച്ചതാണിത്. ഇംഗ്ലീഷ് മലയാളത്തിലേയ്ക്ക് തർജമ ചെയ്യുമ്പോൾ വരുന്നൊരു അഭംഗിയാണിത്. "ഇപ്പോൾ അതിനാൽ" എന്നതിന്റെ ആവശ്യമില്ല. "ഇപ്പോൾ" എന്നത് ഒഴിവാക്കാവുന്നതാണ്. ബില്ലിലെ മറ്റെല്ലാകാര്യങ്ങളും പറഞ്ഞതിനുശേഷം "അതിനാൽ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കുന്ന വ്യവസ്ഥയോടെയുള്ള 2024-ലെ വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന് ഭേദഗതി ചെയ്താൽ അത് കുറച്ചുകൂടി വ്യക്തവും സ്പഷ്ടവുമായിരിക്കും. അതിനാൽ ഈ ഭേദഗതികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നതോടൊപ്പംതന്നെ ഈ പ്രമേയത്തിന്റെ സമഗ്രതയ്ക്കുവേണ്ടി ഞാൻ

മുന്നോട്ടുവയ്ക്കുന്ന രണ്ട് ഭേദഗതികളാണുള്ളത്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡിക കൂട്ടിചേർക്കുക.

"രേഖ പ്രകാരം വഖഫ് ചെയ്യപ്പെടാത്ത എന്നാൽ പതിറ്റാണ്ടുകളായി വഖഫ് സ്വത്തായി കണക്കാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഭൂമിയും സ്വത്ത് വകകളും അടങ്ങുന്ന കൽപ്പിത വഖഫ് സ്വത്തുക്കളുടെ (Deemed Waqaf or Waqaf by Use) മേൽ വഖഫ് ബോർഡുകൾക്കുള്ള എല്ലാ അധികാരങ്ങളും ഇല്ലാതാകുന്നതോടെ വഖഫ് സ്വത്തുക്കളിൽ ഭീമമായ കുറച്ചിൽ വരുത്തുന്നതിന് ഇടയാക്കുമെന്നതിനാലും;" എന്നത് കൂടി ചേർക്കുക.

2. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയുടെ അവസാനഭാഗത്ത് ഇനിപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"മത ന്യൂനപക്ഷങ്ങളിൽ അരക്ഷിതാവസ്ഥയും ഭീതിയും സൃഷ്ടിക്കുന്നതിനുള്ള സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് എന്നതിനാലും;"

നാലാമത്തെ ഖണ്ഡിക കഴിഞ്ഞതിനുശേഷം വഖഫ് ബോർഡ് സംരക്ഷിച്ചുവരുന്ന സ്വത്തുകൾ വഖഫ് ബോർഡിന്റെ കീഴിൽ വരുന്നതിനായി ഡോക്യുമെന്റ് സഹിതം വഖഫ് ബോർഡിന് കൊടുത്ത ആളുകളുണ്ട്. എന്നാൽ ഡോക്യുമെന്റുകളൊന്നുംതന്നെ നിലവിൽ ലഭ്യമല്ലാത്ത പരമ്പരാഗതമായി കൊടുത്തിരുന്നതും വഖഫ് ബോർഡ് സംരക്ഷിച്ചുവരുന്നതുമായ വഖഫ് സ്വത്തുക്കൾ കൂടി വ്യക്തമാക്കുന്നത് നന്നായിരിക്കും.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ നിയമനിർമ്മാണ അധികാരമുള്ള ഒരു വിഷയമാണ് വഖഫ് എന്നതിനാലും എന്നതിനുശേഷം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന ഭേദഗതിയുടെ താൽപ്പര്യം എന്താണെന്നുള്ളത് വ്യക്തമാക്കുന്നത് നന്നായിരിക്കും. അതുപ്രകാരമുള്ളതാണ് എന്റെ രണ്ടാമത്തെ ഭേദഗതി. ഈ രണ്ട് ഭേദഗതികളും സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. കൂട്ടത്തിൽ ചില പ്രധാനപ്പെട്ട ഭേദഗതികൾ അങ്ങയുടെ

ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "ഒരു ഭേദഗതി" എന്നത് ഒഴിവാക്കുക.

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ മൂന്നാമത്തെ വരിയിലെ "ജോയിന്റ് പാർലമെന്ററി കമ്മിറ്റി" എന്നതിനുപകരം "ജോയിന്റ് പാർലമെന്ററി കമ്മിറ്റിയ്ക്ക് (J.P.C.) സമർപ്പിച്ചിട്ടുള്ളതാണ്" എന്നത് ചേർക്കുക.

3. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ അവസാന വാക്കായ "ചെയ്തിട്ടുള്ളതിനാലും" എന്നതിനുപകരം "ചെയ്തിട്ടുള്ളതാണ്" എന്നത് ചേർക്കുക.

പ്രമേയം ഒറ്റ വാക്യത്തിൽ പൂർത്തീകരിക്കപ്പെടേണ്ടതല്ലാത്തതിനാൽ "ചെയ്തിട്ടുള്ളതിനാലും" എന്ന പ്രയോഗം അടുത്ത വാക്യത്തിലേയ്ക്കുള്ള തുടർച്ചയായി പോകുന്നതിനാൽ അവിടെ "ചെയ്തിട്ടുള്ളതാണ്" എന്ന് നൽകി ഫുൾ സ്റ്റോപ്പ് നൽകേണ്ടതാണ്.

4. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ നാലാമത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുക.

5. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ അവസാനത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുക.

6. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ അവസാനത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുക.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇന്ത്യൻ ഭരണഘടന" എന്നതിനുപകരം "ഇന്ത്യൻ ഭരണഘടനയുടെ" എന്നത് ചേർക്കുകയും അവസാനത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

8. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്നത് പുതിയ ഖണ്ഡികയായി കൂട്ടി ചേർക്കുക.

"നിർദ്ദിഷ്ട ഭേദഗതി രാജ്യത്താകമാനമുള്ള വഖഫ് സ്വത്തുക്കൾ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനും കേന്ദ്ര സർക്കാരിനെ മാത്രം അധികാരപ്പെടുത്തുന്നതും അതുമൂലം സംസ്ഥാന സർക്കാരിന്റെയും വഖഫ്

ബോർഡുകളുടെയും അവകാശങ്ങൾ എടുത്തുകളയുകയും ചെയ്യുന്നത് അതീവ ഗുരുതരസാഹചര്യം സൃഷ്ടിക്കും. ഈ ഭേദഗതി കാരണം നൂറ്റാണ്ടുകളായി വഖഫ് സ്വത്തായി ബന്ധപ്പെട്ട സമുദായം കൈവശം വച്ചുവരുന്ന ഭൂമിയും സ്ഥാപനങ്ങളും മറ്റും അവർക്ക് നഷ്ടപ്പെടാൻ ഇടവരുത്തുകയും ചെയ്യും.

നിർദ്ദിഷ്ട ഭേദഗതി ബില്ലിലെ മുപ്പത്തഞ്ചോളം ഭേദഗതികൾ ലക്ഷ്യം വയ്ക്കുന്നത് വഖഫ് സ്വത്തുക്കൾ വഖഫ് അല്ലാതാക്കി മാറ്റി കേന്ദ്ര സർക്കാർ സ്വത്താക്കി മാറ്റാൻ ഉദ്ദേശ്യം വച്ചുള്ളതാണ്.

വഖഫ് എന്ന ആശയത്തിന്റെയും വഖഫ് ബോർഡുകളുടെയും സ്വഭാവവും അതിന്റെ ജനാധിപത്യ ഘടനയും ഇല്ലാതാക്കാനും വഖഫിന്റെ മതസ്വഭാവം തകർക്കാനും ഈ ഭേദഗതി ഇടവരുത്തും."

9. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്നത് പുതിയ ഖണ്ഡികയായി കൂട്ടി ചേർക്കുക.

"അടിസ്ഥാന നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രധാന കാര്യം വഖഫ് സെൻട്രൽ കൗൺസിലുകളിലെയും സ്റ്റേറ്റ് ബോർഡുകളിലെയും പ്രതിനിധികൾ ബന്ധപ്പെട്ട മതവിശ്വാസികൾ ആകണമെന്ന അടിസ്ഥാന തത്വം

എടുത്തുകളഞ്ഞത് വഖഫ് സ്വത്തുക്കളുടെ കൈകാര്യം സംഘ് പരിവാർ ശക്തികളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ്. ജനപ്രതിനിധികളുടെ എണ്ണം കുറച്ചതും ജനപ്രതിനിധികൾ ബന്ധപ്പെട്ട മതവിശ്വാസികൾ ആകണമെന്നില്ലെന്നതും ഏറെ വിമർശിക്കപ്പെട്ടത് ഈ സാഹചര്യത്തിൽ നാം കാണേണ്ടതുണ്ട്."

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ചില ഭേദഗതികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ സ്വീകരിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "വഖഫ് വസ്തുക്കളുടെ കാവലാൾ" എന്നതിനുപകരം "മതപരമോ ജീവകാരുണ്യമോ ആയി കണക്കാക്കുന്ന ആവശ്യങ്ങൾക്കായി ജംഗമമോ സ്ഥാവരമോ ആയ സ്വത്തുക്കളുടെയും വസ്തുക്കളുടെയും കാവലാൾ" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "ദുർബലപ്പെടുത്തുന്നതും" എന്നതിനുശേഷം "ഇല്ലാതാക്കുന്നതും" എന്ന വാക്ക് കൂട്ടി ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ സ്വീകരിക്കുന്നു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ "വേണ്ടിയാണ്" എന്നതിനുശേഷം "1954-ൽ ഇന്ത്യൻ പാർലമെന്റ് വഖഫ് നിയമം പാസ്സാക്കുകയും പിന്നീട് 1995-ൽ സമഗ്രമായി പരിഷ്കരിക്കുകയും ചെയ്ത ശക്തമായ നിയമമായാണ് നിലവിലുള്ള" എന്നത് കൂട്ടി ചേർക്കുക.

2. പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ഒന്നാമത്തെ വരിയിലെ "നിലവിൽ" എന്നതിനുശേഷം "ഭേദഗതി" എന്ന വാക്ക് കൂട്ടി ചേർക്കുക.

4. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ജനാധിപത്യ" എന്നതിനുമുൻപ് "നിയമഭേദഗതിമൂലം" എന്നത് ചേർക്കുക.

5. പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ "ജനാധിപത്യ വ്യവസ്ഥയ്ക്ക്" എന്നതിനുമുൻപ് "വരുമെന്നത്" എന്നത് ചേർക്കുക.

6. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "അസ്വീകാര്യമായതിനാലും" എന്നതിനുപകരം "വഖഫ് തത്വങ്ങൾക്ക് നിരക്കാത്തതിനാലും" എന്നത് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ സ്വീകരിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "ഒരു ഭേദഗതി" എന്നത് ഒഴിവാക്കുക.

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ "ഇന്ത്യൻ ഭരണഘടന" എന്നതിന് പകരം "ഇന്ത്യൻ ഭരണഘടനയുടെ" എന്നത് ചേർക്കുകയും അവസാനത്തെ വരിയിലെ "എന്നതിനാലും" എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതികൾ വളരെ പ്രസക്തമാണ്. പക്ഷേ ഇത്രയും ദീർഘമായിട്ടുള്ളൊരു മെമ്മോറാണ്ടം കൊടുക്കുന്നതിൽ ഒരപാകതയുണ്ട്. കൊച്ചിയിൽ നടന്ന വർക്ക്ഷോപ്പിൽ ഉരുത്തിരിഞ്ഞ മെമ്പർമാരുടെ മുഴുവൻ ഭേദഗതികളും സ്വരൂപിച്ച് ബഹുമാനപ്പെട്ട കേന്ദ്ര ന്യൂനപക്ഷ വകുപ്പുമന്ത്രിയെയും ജെ.പി.സി. ചെയർമാനെയും നേരിൽക്കണ്ട് ചർച്ച നടത്തിയിരുന്നു. ഇത് വഖഫ് ബോർഡിന്റെ ചെയർമാനും വകുപ്പുമന്ത്രിയെന്ന നിലയിൽ നൽകിയിട്ടുണ്ട്. അതുകൊണ്ട് ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതികൾ ഇപ്പോൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. ഈ ഭേദഗതികളോടെ പ്രമേയം അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. പി. ഉബൈദുള്ളയുടെ 1, 2 ഭേദഗതികൾ, ശ്രീ. എൻ. ഷംസുദ്ദീന്റെ 1, 2, 4, 5, 6 ഭേദഗതികൾ, ശ്രീ. ടി. സിദ്ദിഖിന്റെ 1, 7 ഭേദഗതികൾ ഒഴിച്ച് മറ്റെല്ലാ ഭേദഗതികളും നിരാകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയോടെ അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.